പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 296 09.03.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസിന്റെ നടത്തിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സാജു പോൾ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും<br>ഗതാഗതവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗെയിംസിന്റെ നടത്തിപ്പും ഉദ്ഘാടന-സമാപന പരിപാടികളുമായും ബന്ധപ്പെട്ട് ഉയർന്നു വന്ന ആരോപണങ്ങളെല്ലാം സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ; | (എ) & (ബി) | ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി.ശിവൻകുട്ടി എം. എൽ. എ തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br>(സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകിയ കത്ത് അനുബന്ധമായി ചേർക്കുന്നു). |
| (ബി) | അന്വേഷണം നടത്താൻ തീരുമാനിച്ചതിനുശേഷം ആരോപണങ്ങൾ പാടെ തള്ളിക്കളയാനും അത് പരസ്യമായി പത്ര സമ്മേളനം നടത്തി പ്രഖ്യാപിക്കുവാനും കാരണം എന്തായിരുന്നു; ഇത് പ്രാഥമികമായ ഏതെങ്കിലും അന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ; മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം അന്വേഷണത്തെ സ്വാധീനിക്കുമെന്നറിയാമോ; ഗെയിംസുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളെക്കുറിച്ച് ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത്. വിശദമാക്കാമോ; ഇക്കാര്യത്തിൽ കായിക വകുപ്പ് മന്ത്രി ചീഫ് സെക്രട്ടറിക്ക് നൽകിയ നിർദ്ദേശങ്ങള് എന്തായിരുന്നു; | | |

| | | | |
|---|---|---|---|
| (സി) | ഉദ്ഘാടന ചടങ്ങിന് ചെലവിട്ട തുക കൂടിയെന്നും സമാപന ചടങ്ങിലെ ചെലവ് കുറക്കുമെന്നും പിഴവുകളുണ്ടായിട്ടുണ്ടെന്നും ദേശീയഗെയിംസ് പ്രവർത്തനം അവലോകനം നടത്തിയതിനുശേഷം ചീഫ് സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായിരുന്നുവോ; കൂടിയതായി കണ്ടെത്തിയ ചെലവുകൾ എന്തെല്ലാമായിരുന്നു. സർക്കാറിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; സർക്കാരില് നിന്നും കൈപ്പറ്റിയ പണം ആരെല്ലാം തിരിച്ച് നൽകുകയുണ്ടായി; | (സി) | ശ്രീ മോഹൻലാലിന് ഉദ്ഘാടന ദിവസത്തെ കലാപരിപാടിക്ക് നൽകിയിരുന്ന തുക തിരികെ ദേശീയ ഗെയിംസ് സെക്രട്ടേറിയേറ്റിന് നൽകിയിട്ടുണ്ട്. |
| (ഡി) | ഗെയിംസ് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ വിലയിരുത്തലുകൾ സർക്കാര് അംഗീകരിക്കുന്നുണ്ടോ; | (ഡി) | ഔദ്യോഗികമായി ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല. |
| (ഇ) | ഗെയിംസ് ഉദ്ഘാടന പരിപാടി യാതൊരു അടുക്കും ചിട്ടയുമില്ലാതെ അലങ്കോലമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണക്കാർ ആരൊക്കെയാണ്; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ആരെല്ലാമായി എത്ര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു; അവ ഏതെല്ലാം; ഏതെല്ലാം കരാറുകളിൽ ലംഘനമുണ്ടായിട്ടുണ്ട്; | (എഫ്) | ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 123 കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 38 കരാറുകളിലും ഇതര ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി 46 കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയം ഗ്യാലറി നിർമ്മാണത്തിന് കരാർ ഏറ്റെടുത്ത ശ്രീ. സജീവിനെ പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടാക്കിയ സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി പുനരേർപ്പാട് ചെയ്യുകയും സമയബന്ധിതമായിപൂർത്തീകരിക്കുകയും ചെയ്തു. |
| (ജി) | സർക്കാരിനുണ്ടായ നഷ്ടം തിരിച്ചു നൽകാൻ തയ്യാറായവരിൽ നിന്നെല്ലാം ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്? | (ജി) | നഷ്ടമുണ്ടായതായി ഇതേവരെ കണക്കാക്കിയിട്ടില്ല. ശ്രീ. മോഹൻലാൽ തിരിച്ചു നൽകിയ തുക കൈപ്പറ്റിയിട്ടുണ്ട്. മറ്റാരും തുക തിരികെ നൽകാനായി സമീപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

THIRUVANCHOOR RADHAKRISHNAN
MINISTER FOR FOREST, ENVIRONMENT
TRANSPORT, SPORTS & CINEMA
KERALA

03-02-2015

# NOTE

As per the Rules and Regulations of the National Games Secretariat formed for the 35th National Games issued in GO(MS)No.200/08/G.Edn dated 10/12/2008 and subsequently revised, Rule 21 insists that there shall be statutory audit by Accountant General/Local Fund Audit. Internal/Concurrent Auditors in the society will be appointed by the Executive Committee.

Fcd
3/2/15

Directions may please be issued urgently to conduct the audits as per Rules and complete the same within 45 days from the closing date of the 35th National Games, ie. 14th February 2015 so as to ensure transparency.

Thiruvanchoor Radhakrishnan

**Chief Secretary**

OFFICE : ROOM No. 532, III FLOOR, SOUTH SANDWICH BLOCK, SECRETARIAT
THIRUVANANTHAPURAM 695 001
Phone-Office : 0471-2333526 0471-2327495 Res : 0471-2312326, 0471-2313295